കുറ്റാന്വേഷണ സങ്കേതങ്ങൾ സ്വീകരിച്ചിട്ടുള്ളതുമാണ്. പോസ്റ്റ്മോർട്ടം പരിശോധനയ്ക്കായി മൃതശരീരം മുളക്കുഴ സെഞ്ചുറി ആശുപത്രിയിൽ സൂക്ഷിച്ചിട്ടുണ്ട്. പത്തനംതിട്ട പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഒരു പ്രത്യേക അന്വേഷണസംഘത്തെ നിയോഗിച്ച് കുറ്റവാളികളെ കണ്ടെത്തുന്നതിനുള്ള ഊർജ്ജിതമായ ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. വളരെ അടിയന്തിരമായി കേസ് അന്വേഷിച്ച് കുറ്റവാളികളെ കണ്ടെത്താനുള്ള എല്ലാ നടപടികളും സ്വീകരിക്കണമെന്ന് ഇന്നു രാവിലെയും പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(2) തൃശൂർ മെഡിക്കൽ കോളേജിലെ ന്യൂറോ സർജറി വിഭാഗം പ്രവർത്തിക്കാത്തതുമൂലമുള്ള പ്രയാസങ്ങൾ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, തൃശൂർ മെഡിക്കൽ കോളേജിലെ ന്യൂറോ സർജറി വിഭാഗം പ്രവർത്തനരഹിതമായിട്ട് ആഴ്ചകളോളമായി. ഈ സബ്മിഷൻ കൊടുത്തതിനുശേഷം ഒരു ഡോക്ടറെ അവിടെ നിയോഗിച്ചു എന്നത് ശരിയാണ്. അതുകൊണ്ട് ന്യൂറോ സർജറി വിഭാഗത്തിന്റെ വാതിൽ തുറക്കുന്നുണ്ട്, പക്ഷെ ചികിൽസ നടക്കുന്നില്ല. അതുകൊണ്ട് വളരെ ഗൗരവതരമായ ഈ സ്ഥിതിവിശേഷത്തിൽ ഉടനടി ഇടപെട്ട് മെഡിക്കൽ കോളേജിലെ ന്യൂറോ സർജറി വിഭാഗം കാര്യക്ഷമമായി പ്രവർത്തനം നടത്താൻവേണ്ട നടപടികൾ കൈക്കൊള്ളണമെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ന്യൂറോ സർജറി വിഭാഗം എന്നുപറയുന്നത് ഒരു സ്കാൻ കാറ്റഗറിയാണ്. ഇന്നിപ്പോൾ കേരളത്തിൽ ന്യൂറോ സർജറി വിഭാഗത്തിൽ പ്രൊഫസർമാരേയും, അസോസിയേറ്റ് പ്രൊഫസർമാരേയും, ലക്ചറർമാരേയും, അസിസ്റ്റന്റ് പ്രൊഫസർമാരെയുമൊക്കെ ലഭിക്കാൻ വളരെ പ്രയാസമാണ്. തൃശൂർ മെഡിക്കൽ കോളേജിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്തുകൊണ്ട് കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നും ഒരു ന്യൂറോ അസോസിയേറ്റ് പ്രൊഫസറെ തൃശൂർ മെഡിക്കൽ കോളേജിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഡി.പി.സി. ഇപ്പോൾ അടുത്തുതന്നെ ചേരുകയാണ്. ഡി.പി.സി. ചേർന്നുകഴിഞ്ഞ് പ്രൊമോഷൻ ലഭിക്കുമ്പോൾ ആളുകളെ കിട്ടാൻ ബുദ്ധിമുട്ടുണ്ടാകില്ല. പി.എസ്.സി.-യിൽ നിന്ന് ആറു പേരുടെ അഡ്വൈസ് ലഭിച്ചിട്ടുണ്ട്. ആറ് ആൾക്കാരെ ലഭിച്ചുകഴിഞ്ഞാൽ നാല് ആൾക്കാരെ തൃശൂർ മെഡിക്കൽ കോളേജിൽ നിയമിക്കുന്നതാണ്. ബാക്കിയുള്ള രണ്ട് ആൾക്കാരെയാണ് മറ്റു മെഡിക്കൽ കോളേജുകളിലേക്ക് വിടുന്നത്. അങ്ങനെ ഈ പ്രശ്നം പരിഹരിക്കാമെന്നാണ് ഗവൺമെന്റ് ധരിക്കുന്നത്.

(3) തീരദേശ നിയമംമൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. സി. കെ. നാണു: സർ, ഒരു നിയോജകമണ്ഡലത്തിൽ തന്നെ കടലോരത്ത് ചില പഞ്ചായത്തുകളിൽ മൽസ്യത്തൊഴിലാളികളുടെ വീടുകൾക്ക് നമ്പർ ഇട്ടു കൊടുക്കുന്നു, തൊട്ടടുത്ത പഞ്ചായത്തിലെ മൽസ്യത്തൊഴിലാളികളുടെ വീടുകൾക്ക് നമ്പർ ഇട്ടു കൊടുക്കുന്നില്ല. ഈ പ്രശ്നം പല പ്രാവശ്യം നിയമസഭയിൽ ഗൗരവമായി ചർച്ച ചെയ്തതാണ്. ഏതാനും ദിവസം മുമ്പ് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ പട്ടയം നൽകുവാൻ കഴിയാത്ത സ്ഥലത്ത് കൈവശരേഖ നൽകാൻ റവന്യൂ

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പ് തീരുമാനിച്ചിട്ടുണ്ട് എന്നുപറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ വീടുകൾക്ക് നമ്പർ നൽകുവാനുള്ള നടപടി നീക്കിക്കിട്ടുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇക്കാര്യത്തിൽ നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ് എന്നുപറയുന്നു. പഞ്ചായത്ത് സെക്രട്ടറിമാർക്ക് ഔദ്യോഗികമായി ബഹുമാനപ്പെട്ട മന്ത്രി നിർദ്ദേശം നൽകാതെ ഒരു കാരണവശാലും എന്തിവിടെ പറഞ്ഞാലും അവർ നമ്പർ ഇട്ടുകൊടുക്കാൻ പോകുന്നില്ല. ഇത് വളരെ ഗൗരവമായ പ്രശ്നമാണ്. അവർ പാവപ്പെട്ടവരാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ നിയോജകമണ്ഡലം തന്നെ കടലോരത്തായതുകൊണ്ട് മന്ത്രിക്കുപോലും പലപ്പോഴും അനുഭവപ്പെടുന്ന ഒരു പ്രശ്നമാണ്. അപ്പോൾ ഇതിനൊരു ശാശ്വതമായ പരിഹാരം കാണണം. ഇപ്പോൾ വേണ്ടത് താൽക്കാലികമായി വൈദ്യുതി ലഭിക്കാനും, റേഷൻകാർഡ് ലഭിക്കാനും ആ പാവപ്പെട്ട മൽസ്യത്തൊഴിലാളികൾക്ക് അവസരം ഉണ്ടാക്കണം. അതിനുള്ള നടപടി സ്വീകരിക്കണം.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള): സർ, നഗരസഭകളെ C. R. Z. II-ലും പഞ്ചായത്തുകളെ C. R. Z. III-ലും ഉൾപ്പെടുത്തി ചില നിബന്ധനകൾക്ക് വിധേയമായി ഭൂവുടമകൾക്ക് കെട്ടിടങ്ങൾ നിർമ്മിച്ച് താമസിക്കാനുള്ള അനുവാദം നൽകിയിട്ടുണ്ട്. C. R. Z. III-ൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രദേശങ്ങളിൽ 200 മീറ്റർ മുതൽ 500 മീറ്ററിനുള്ളിൽ മൽസ്യത്തൊഴിലാളികൾ വീട് വച്ചാൽ നമ്പർ കൊടുക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇങ്ങനെയല്ലാതെ നിർമ്മിച്ചിട്ടുള്ള വീടുകൾക്ക് നമ്പർ കൊടുക്കാൻ കഴിയുമോ എന്നത് സംബന്ധിച്ച് 21-ാം തീയതി കൂടിയ കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ ഗൗരവമായി ചർച്ച ചെയ്തിട്ടുണ്ട്. C. R. Z. III എന്നുള്ളത് C. R. Z. II ആക്കി മാറ്റാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 10.00 A.M.]

(4) ചെറുകിട കളിമൺ വ്യവസായികൾ നേരിടുന്ന പ്രതിസന്ധി

ശ്രീ. കെ. പി. വിശ്വനാഥൻ: സർ, തൃശ്ശൂർ ജില്ലയിലെ ചെറുകിട കളിമൺ വ്യവസായികൾ ഇന്ന് വളരെ ഗുരുതരമായ സ്ഥിതിവിശേഷം നേരിടുകയാണ്. ധാരാളം പേർ കെ.എഫ്.സി.-യിൽ നിന്നും അതുപോലെതന്നെ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലോൺ എടുത്തിട്ടുള്ളത് തിരിച്ചടയ്ക്കാത്തതുമൂലം ജപ്തി നടപടികൾക്ക് വിധേയമായി കൊണ്ടിരിക്കുകയാണ്. ഈ അടുത്ത കാലത്തായി രണ്ടു മൂന്നു കളിമൺ വ്യവസായികൾ എന്റെ നിയോജകമണ്ഡലത്തിൽ ആത്മഹത്യ ചെയ്തു. ഈ ലോൺ ഒരു ലോങ് ടേം ലോൺ ആയി മാറ്റിയെടുക്കുക, കുറേക്കൂടി ഇൻസ്റ്റാൾമെന്റ് അനുവദിക്കാനുള്ള അവസരമുണ്ടാക്കുക. ഇപ്പോൾ പരമ്പരാഗതമായ ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾ മുഴുവൻ അർദ്ധപട്ടിണിക്കാരാണ്. വീടും പുരയിടവുമൊക്കെ പണയപ്പെടുത്തിയാണ് അവർ ഈ ലോണൊക്കെ എടുത്തിട്ടുള്ളത്. അതുകൊണ്ട് ഒരു സാവകാശം കിട്ടത്തക്കവിധത്തിൽ ഒന്നോ രണ്ടോ കൊല്ലംവരെയെങ്കിലും മൊറോട്ടോറിയം പ്രഖ്യാപിച്ചുകൊണ്ട് ഈ ലോൺ തിരിച്ചടയ്ക്കുന്നതിന് സാവകാശം ഉണ്ടാക്കണമെന്ന് ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ലോണിന്റെ കാര്യം പ്രത്യേകമായി പരിശോധിക്കാം. നമുക്ക് അത്തരത്തിലുള്ള ഒരു ആനുകൂല്യം വലിയ പട്ടിണിക്കാരായ ആളുകൾക്ക് കൊടുക്കണമെന്നുണ്ടെങ്കിൽ പോസിറ്റീവായിട്ട് ലോണിന്റെ കാര്യം ആലോചിക്കാം, ഈ വ്യവസായത്തിൽ വന്നിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly